# അക്കാദമിക

# മാസ്റ്റർപ്ലാൻ

ജി.എൽ.പി.എസ് വടകോട്

## ആമുഖം :

– പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ –

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വ്യത്യസ്ത നിലവാരത്തിലുള്ള എല്ലാ കുട്ടികൾക്കും മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യം.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി PTA - ടെ സഹകരണത്തോടെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. അതിലേക്കായി ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

## പൊതുലക്ഷ്യങ്ങൾ

- വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികൾ നേടേണ്ട പഠന ശേഷികൾ കൈവരിക്കുക
- പഠന പിന്തുണ നൽകേണ്ട അവശ്യമായ കുട്ടികളെക്കൂടി ഉൾപ്പെടുത്തി മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ വായിക്കാനും എഴുതാനുമുള്ള ശേഷി നേടുക.
- പഠന പിന്നോക്കക്കാർക്ക് അവശ്യമായ പിന്തുണാ പ്രവർത്തനങ്ങൾ നല്കുക.
- ICT - യുടെ സഹായത്തോടെ പഠനാനുഭവങ്ങൾ കുട്ടികളിൽ എത്തിക്കുക.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുക
- മാലിന്യമുക്ത വിദ്യാലയം ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമാർജ്ജനം തുടങ്ങിയവ നടപ്പാക്കൽ
- [illegible]ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവക്കെതിരെ മുൻകരുതലുകൾ.

## അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ജി. എൽ. പി. എസ്, വടകോട്

സ്കൂൾ കോഡ് : 39437

വിദ്യാഭ്യാസ ഉപജില്ല : കുളക്കട

വിദ്യാഭ്യാസ ജില്ല : കൊട്ടാരക്കര

ബി. ആർ. സി : കുളക്കട

സി. ആർ. സി : തലവൂർ

ഗ്രാമപഞ്ചായത്ത് : തലവൂർ

ഇ-മെയിൽ. വിലാസം : glpsvadacodu1964@gmail.com

# അക്കാദമിക ഭൗതിക നേട്ടങ്ങൾ , പരിമിതികൾ

## നേട്ടങ്ങൾ

- കലാപഠനം, കായികപഠനം പ്രവൃത്തിപരിചയ പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം
- പഠനപിന്നാക്കക്കാർക്ക് ആവശ്യമായ പിന്തുണാ പ്രവർത്തനങ്ങൾ നല്കുക.
- പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗതസപ്പോർട്ട്
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ എന്നിവ നടപ്പിലാക്കുന്നു.

## പരിമിതികൾ

- മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- വായനയ്ക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്
- IED കുട്ടികളുടെ പഠന പിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതാണ്.

## ലക്ഷ്യങ്ങൾ

* ഭാഷാവികസനം

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

# പ്രവർത്തന പദ്ധതികൾ

## മലയാളം

### പ്രവർത്തനം : 1

പേര് : അക്ഷരക്കൂട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേക വായനാ കോർണർ ഒരുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

### പ്രവർത്തനം : 2

പേര് : ക്ലാസ് തല പതിപ്പുകൾ

| | | | |
|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | ക്ലാസ് പ്രവർത്തനങ്ങൾ ചേർത്തു വെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ |

### പ്രവർത്തനം : 3

പേര് : എന്റെ വായനാ കുറിപ്പുകൾ

| | | | |
|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

## പ്രവർത്തനം : 4.

പേര് : ആശയാവതരണ രീതിയിലൂടെ ചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആശയ വിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ - ആഗസ്റ്റ് | ക്ലാസ് ടീച്ചർ |

### ഇംഗ്ലീഷ്

പേര് : Reading Card.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളുടെ സഹായത്തോടെ ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമ്മിക്കൽ (Std: I) | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ |

പേര് : ഇംഗ്ലീഷ് അസംബ്ലി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് അധ്യാപകർ |

## പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ തയ്യാറാക്കുക.<br>ജൂൺ - പരിസ്ഥിതിദിനം<br>ജൂലൈ - ചാന്ദ്രദിനം<br>ആഗസ്റ്റ് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധിജയന്തി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ് ടീച്ചർ |

## പേര് : വായനസാമഗ്രി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കൂടുതൽ പ്രോത്സാഹമാക്കുക | ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമ്മിക്കൽ | ജൂലൈ - സെപ്തംബർ | |

## * ഇംഗ്ലീഷ്

- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.

## * പരിസരപഠനം

- ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക.
- ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക

## * ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

## * പ്രവൃത്തിപരിചയ

പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉൽപന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

## * കലാപരിശീലനം

- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
- കലാഭിരുചി വളർത്തുക

# പരിസരപഠനം

## പ്രവർത്തനം 1.

പേര് : എന്റെ പരീക്ഷണം (ക്കുറിച്ച് ക്ലാസുകൾ)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക. ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിൽ പരീക്ഷണങ്ങളെക്കുറിച്ച് ക്ലാസുകൾ | എല്ലാ മാസവും | ക്ലാസ് ടീച്ചർ |

# ഗണിതം

## പ്രവർത്തനം : 1.

പേര് : ഗണിത വർക്ക് ഷീറ്റ് ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക. | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SRG |

## പ്രവർത്തനം. 2. ഗണിതമൂല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ കുട്ടികൾ അറിയുന്നതിന് | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട്, കാർഡുകൾ) തുടങ്ങിയവ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |

## പ്രവർത്തനം. 3. യൂണിറ്റ് വിലയിരുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യ നിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പ് വരുത്തുന്ന | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |